ത്തെ മാസത്തിലും സ്റ്റൈപ്പെൻറ് കൊടുത്തിട്ടുണ്ടോ ഇല്ലയൊ എന്ന ഗവമ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—അന്വേഷിച്ചിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—അതു കൊടുത്തിട്ടുണ്ടൊ ഇല്ലയൊ എന്നു് അന്വേഷിക്കുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

രാമവമ്മതമ്പുരാൻ.—അന്വേഷിക്കാം.

മിസ്റ്റർ സി. എ. ഒസേപ്പു്.—ഈ വെച്ചുകൊടുത്തിട്ടുള്ള ആളുകളുടെ പേരുകൾ ഉൾപ്പടെയുള്ള ഒരു പട്ടിക തയ്യാറാക്കി മേശപ്പുറത്തുവെക്കുവാൻ പറഞ്ഞിട്ടുണ്ടു്. വളരെ അധികം ഉണ്ടായിരിക്കാം. അതുകൊണ്ടാണു വെക്കാത്തതു്.

Depressed Classes pupils—payment of Stipends.

355. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കു മാസംതോറും കൊടുക്കുന്ന സ്റ്റൈപ്പെൻറു് മാസംപിറന്നു ഏതു തിയ്യതികളിലാണു് സാധാരണ കൊടുക്കുന്നതു്?

രാമവമ്മതമ്പുരാൻ.—അധഃകൃത വിദ്യാർത്ഥികൾക്കു മാസംതോറുമുള്ള സ്റ്റൈപ്പെൻറു് പിറകുമാസം ഫ-ാംനു-ക്കുശേഷമാണു് സാധാരണ കൊടുത്തുവരുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഏതു തിയ്യതിക്കു മുമ്പായിരിക്കും അതു കൊടുത്തു തീർക്കുന്നതു്?

രാമവമ്മതമ്പുരാൻ.—പിന്നത്തെ മാസത്തേയ്ക്കു പോകേണ്ടിവരികയില്ല. ആ ഒരു മാസത്തിനുള്ളിൽ കഴിയും.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—എന്താണു് ഈ താമസത്തിനു ഇടവരുന്നതു്?

രാമവമ്മതമ്പുരാൻ.—ലിസ്റ്റു് ഉണ്ടാക്കുവാൻ വേണ്ടിവരുന്ന താമസമാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—സ്കൂൾ മേലദ്ധ്യക്ഷൻമുഖാന്തിരം ഈ സംഖ്യ കൊടുക്കുവാൻവിരോധമുണ്ടോ?

രാമവമ്മതമ്പുരാൻ.—ചെക്കുചെയ്യാതെ കൊടുത്താൽ അപ്പോഴും delay വന്നിരിക്കുന്നുഎന്നു വേണ്ട അന്വേഷണങ്ങൾ നടത്തായില്ലെന്നും കമ്പ"ളയിൻറു വരും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇപ്പോൾ അധഃകൃതസംരക്ഷണത്തിനുവേണ്ടി ചിലവുചെയ്യുന്ന സംഖ്യ വേണ്ടവിധത്തിൽ ചിലവുചെയ്യുന്നുണ്ടെന്നാണോ താങ്കൾ പറയുന്നത്?

രാമവർമ്മതമ്പുരാൻ.—അതിനുവേണ്ടിയാണ് ചെക്കുചെയ്യുന്നത്. കടലാസുകളെല്ലാം ഓരോ ആപ്പീസുകളിൽ പോയിട്ടു ചെക്കുചെയ്തിട്ടുവേണം പാസാക്കുവാൻ എന്നാണ് വച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly